**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5263** **02-11-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. കെട്ടിട സമുച്ചയ നടത്തിപ്പ് കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കെ.എസ്.ആർ.ടി.സി. കെട്ടിട സമുച്ചയത്തിന്റെ നടത്തിപ്പ് കരാറിനായി ആദ്യമായി ടെൻഡർ ക്ഷണിച്ചത് എന്നായിരുന്നു; ഈ ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെയും ക്വാട്ട് ചെയ്ത തുകകളുടെയും വിശദാംശം ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് കെ.എസ്.ആർ.ടി.സി. കെട്ടിട സമുച്ചയത്തിന്റെ നടത്തിപ്പ് കരാറിനായി ആദ്യമായി ടെൻഡർ ക്ഷണിച്ചത് 25/03/2015- ന് ആണ്. ടെൻഡറിൽ ഒരാൾ മാത്രമേ പങ്കെടുത്തിട്ടുള്ളു. എന്നാൽ തുകയൊന്നും ക്വാട്ട് ചെയ്തിട്ടില്ല. ടിയാന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു. ശ്രീ. അബ്ദുൾ റഹിമാൻ പോത്ത് വാത്, പെരുമണ്ണ, വാളകം പി.ഒ, മലപ്പുറം ജില്ല – 676 508. |
| (ബി) | സമുച്ചയത്തിന്റെ നടത്തിപ്പിനായി ഏത് സ്ഥാപനവുമായിട്ടായിരുന്നു ആദ്യമായി കരാറിൽ ഏർപ്പെട്ടത്; ചതുരശ്ര അടിക്ക് എത്ര രൂപ നിരക്കിലാണ് കരാർ ഉറപ്പിച്ചത്; കരാർ പ്രകാരം പ്രതിമാസ വാടകയും ഡെപ്പോസിറ്റ് തുകയും എത്ര വീതമായിരുന്നു; കരാറിലെ മറ്റ് വ്യവസ്ഥകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ; കരാർ ഏറ്റെടുത്ത സ്ഥാപനത്തിന്റെ ഉടമകളുടെയും പാർട്ണർമാരുടെയും പേരുവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | സമുച്ചയത്തിന്റെ നടത്തിപ്പിനായി M/s. അലിഫ് ബിൽഡേഴ്സ് എന്ന സ്ഥാപനവുമായിട്ടാണ് ആദ്യമായി കരാറിൽ ഏർപ്പെട്ടത്. ഇ - ടെൻഡറിൽ സമുച്ചയത്തിന് മൊത്തമായി മാസ വാടക 43,20,000/-രൂപയ്ക്കാണ്. ഈ തുക, വാടകയ്ക്ക് നൽകാവുന്ന സ്ഥലത്തിന് ചതുരശ്ര അടിക്ക് ഏകദേശം 30/- രൂപ നിരക്കായി വരും. തിരികെ നൽകേണ്ടതില്ലാത്ത കരുതൽ ധനമായി 17 കോടി രൂപ ആദ്യ 18 മാസം വാടക രഹിത കാലാവധിയും, എല്ലാ മൂന്ന് വർഷത്തിൽ ഒരിക്കൽ വാടകയുടെ 10% വർദ്ധനവും, 30 വർഷ കാലാവധിക്ക് ശേഷം കെട്ടിടം തിരികെ കെ.റ്റി.ഡി.എഫ്.സിക്ക് നൽകുക എന്നിവയുമാണ് പ്രധാന കരാർ വ്യവസ്ഥകൾ. കരാർ ഏറ്റെടുത്ത സ്ഥാപനമായ അലിഫ് ബിൽഡേഴ്സിന്റെ പാർട്ണർമാരുടെ പേരു വിവരങ്ങൾ താഴെ നൽകുന്നു. 1. ശ്രീ. അബ്ദുൾ കലാം, കീലത്ത്, കുമാരനല്ലൂർ, കോഴിക്കോട് - 673 602. 2. ശ്രീ. സലീന മൊയ്തീൻ, കരുവീട്ടിൽ, തിരുവമ്പാടി. പി.ഒ, തിരുവമ്പാടി, കോഴിക്കോട് -673603. 3. ശ്രീ. അബ്ദുൾ സമ്മദ് മൊഹമ്മദ്, കെ.പി.വീട്, റൗളത്ത് മൻസിൽ മാട്ടൂർ, കണ്ണൂർ, - 670 302. 4. ശ്രീ. മാണിക്കോത്ത് മുഹമ്മദ് ഷാജ് മഹൽ അഴീക്കൽ, ന്യൂ മാഹി കണ്ണൂർ - 673 311. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കരാർ പിന്നീട് റദ്ദാക്കുകയുണ്ടായോ; എങ്കിൽ കരാർ റദ്ദാക്കുന്നതിനുണ്ടായ സാഹചര്യങ്ങൾ എന്തൊക്കെയായിരുന്നെന്ന് വ്യക്തമാക്കുമോ; കരാർ സംബന്ധിച്ച് ധനകാര്യ വകുപ്പും ഗതാഗത വകുപ്പും എതിർപ്പ് അറിയിച്ചിരുന്നോ; എങ്കിൽ എന്തൊക്കെയായിരുന്നു വകുപ്പുകൾ ചൂണ്ടിക്കാണിച്ചതെന്ന് അറിയിക്കാമോ; | (സി) | റദ്ദാക്കിയിട്ടില്ല. GO(Ms) No. 41/2019/Trans dated 05/08/2019 പ്രകാരമുള്ള ടെണ്ടർ വ്യവസ്ഥകൾ ലംഘിച്ചതിനാൽ പുതുക്കിയ ടെണ്ടർ വിളിക്കാനാണ് തീരുമാനിച്ചത്. കെട്ടിടം വാടകയ്ക്ക് കൊടുക്കുന്നതു സംബന്ധിച്ച് പൊതുലേലം (Public auction) നടത്താനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചത്. എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ കാലതാമസം ഒഴിവാക്കാനാണ് അലിഫ് ബിൽഡേഴ്സിന് നൽകാൻ തീരുമാനിച്ചത്. |
| (ഡി) | കരാർ റദ്ദാക്കിയതിനുശേഷം പുതിയ കരാർ നിലവിൽ വന്നത് എന്നായിരുന്നു; പുതിയ കരാറുണ്ടാക്കുന്നതിൽ കാലതാമസമുണ്ടായതിന് കാരണങ്ങളെന്തൊക്കെയാണ്; വിശദാംശം നൽകുമോ; | (ഡി) | റദ്ദാക്കിയിട്ടില്ല. GO(Ms) No. 41/2019/Trans dated 05/08/2019 പ്രകാരമുള്ള ടെണ്ടർ വ്യവസ്ഥകൾ ലംഘിച്ചതിനാൽ പുതുക്കിയ ടെണ്ടർ വിളിക്കാനാണ് തീരുമാനിച്ചത്. കെട്ടിടം വാടകയ്ക്ക് കൊടുക്കുന്നതു സംബന്ധിച്ച് പൊതുലേലം (Public auction) നടത്താനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചത്. എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ കാലതാമസം ഒഴിവാക്കാനാണ് അലിഫ് ബിൽഡേഴ്സിന് നൽകാൻ തീരുമാനിച്ചത്. |
| (ഇ) | ഏതു സ്ഥാപനവുമായിട്ടായിരുന്നു രണ്ടാമത്തെ കരാറിൽ ഏർപ്പെട്ടത്; ചതുരശ്ര അടിക്ക് എത്ര രൂപ നിരക്കിലാണ് കരാർ ഉറപ്പിച്ചത്; കരാർ പ്രകാരം പ്രതിമാസ വാടകയും ഡെപ്പോസിറ്റ് തുകയും എത്ര വീതമായിരുന്നു; കരാറിലെ മറ്റ് വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; കരാർ ഏറ്റെടുത്ത സ്ഥാപനത്തിന്റെ ഉടമകളുടെയും പാർട്ടനർമാരുടെയും പേരുവിവരങ്ങൾ ലഭ്യമാക്കുമോ; | (ഇ) | റദ്ദാക്കിയിട്ടില്ല. GO(Ms) No. 41/2019/Trans dated 05/08/2019 പ്രകാരമുള്ള ടെണ്ടർ വ്യവസ്ഥകൾ ലംഘിച്ചതിനാൽ പുതുക്കിയ ടെണ്ടർ വിളിക്കാനാണ് തീരുമാനിച്ചത്. കെട്ടിടം വാടകയ്ക്ക് കൊടുക്കുന്നതു സംബന്ധിച്ച് പൊതുലേലം (Public auction) നടത്താനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചത്. എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ കാലതാമസം ഒഴിവാക്കാനാണ് അലിഫ് ബിൽഡേഴ്സിന് നൽകാൻ തീരുമാനിച്ചത്. |
| (എഫ്) | പ്രസ്തുത കെട്ടിട സമുച്ചയത്തിന്റെ നടത്തിപ്പിനായി പുറംകരാർ നൽകേണ്ടതില്ലെന്നും വകുപ്പ് നേരിട്ട് നടത്തുന്നതാണ് ലാഭകരമെന്നും ഗതാഗത വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായോ; ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയത്; വിശദാംശം നൽകുമോ? | (എഫ്) | ഗതാഗത വകുപ്പ് അഭിപ്രായപ്പെട്ടിട്ടില്ല. BOT എഗ്രിമെന്റ് പ്രകാരം ലാഭം ലഭിക്കത്തക്ക തരത്തിൽ പൊതുലേലം (Public auction) നടത്താനാണ് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടത്. |

സെക്ഷൻ ഓഫീസർ